145 (1363) എം.എൽ.എ. റോഡുകൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എം.എൽ.എ. മാർക്ക് രണ്ട് റോഡുകൾ വീതം അനുവദിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷവും അപ്രകാരം എം.എൽ.എ. റോഡുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1983-84-ലാണ് എം.എൽ.എ. മാർക്ക് "രണ്ട് റോഡ് പദ്ധതി" പ്രകാരം റോഡുകൾ അനുവദിച്ചിരുന്നത്.

(ബി) പുതിയ എം.എൽ.എ. റോഡുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

146 (1364) ചിറയിൻകീഴ് മുരുക്കുംപുഴ റോഡ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന തീരദേശ റോഡായ ചിറയിൻകീഴ് മുരുക്കുംപുഴ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കേറിയ ഈ റോഡ് വീതികൂട്ടി ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

147 (1365) റാന്നി-പെരുനാട്ടിൽ കോസ്‌വേ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട്ടിൽ കോസ്‌വേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ പ്രസ്തുത കോസ്‌വേയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ കോസ്‌വേയുടെ പണി ഇതുവരെ ടെൻഡർ ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) എന്നത്തേക്ക് ഈ പണി ടെൻഡർ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly